**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **30-08-2022 - ൽ മറുപടിയ്ക്ക്**

**പുഴയോരങ്ങൾ കയ്യേറി നികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ ഇരിമ്പ്രനെല്ലൂർ വില്ലേജിലെ ഏനാമാക്കൽ, പള്ളിനട കടവ്, തോയക്കാവ് മുനമ്പ് എന്നീ ഭാഗങ്ങളിൽ പുഴയുടെ സംഭരണശേഷിയും നീരൊഴുക്കും തടസ്സമാകുന്ന വിധത്തിൽ അനധികൃതമായി പുഴയോരങ്ങൾ കയ്യേറി നികത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിലെ ഇരിമ്പ്രനെല്ലൂർ വില്ലേജിലെ ഏനാമാക്കൽ, പള്ളിനട കടവ്, തോയക്കാവ് മുനമ്പ് എന്നീ ഭാഗങ്ങളിൽ പുഴയോരങ്ങൾ നികത്തുന്നതായി പരാതിയുള്ളതാണ്. ആയത് പരിശോധിച്ചതിൽ ഇത്തരത്തിൽ പുഴയിൽ നിന്ന് ചേറും മണ്ണും കോരി നിറച്ച് സമീപ സ്ഥലത്ത് നികത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനെ തുടർന്ന് ആയതിനെതിരെ വില്ലേജ് ഓഫീസർ നിറുത്തൽ ഉത്തരവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി വില്ലേജ് രേഖകൾ പ്രകാരം സ്ഥിര പുഞ്ച എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ ടി ഭൂമി പുഴയായി കിടക്കുന്നതിനാൽ ആയത് തണ്ണീർത്തടത്തിൽ ഉൾപ്പെടുമോ എന്നത് സംബന്ധിച്ച് പ്രാദേശിക തല നിരീക്ഷണ സമിതി തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വെങ്കിടങ്ങ് കൃഷി ഓഫീസർക്കും കൂടാതെ പ്രസ്തുത ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാത്തതിനാൽ ആയത് തിട്ടപ്പെടുത്തുന്നതിനായി താലൂക്ക് സർവ്വേയർക്കും, രാത്രികാലങ്ങളിലെ അനധികൃതമായിട്ടുള്ള നികത്തൽ പ്രവർത്തനങ്ങൾ തടയുന്നതിനായി രാത്രികാല പരിശോധന ശക്തമാക്കുന്നതിന് പാവറട്ടി സ്റ്റേഷൻ ഹൗസ് ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ